A

905

# സമഗ്രശിക്ഷാ, കേരളം

## ആത്യന്തിക വിലയിരുത്തൽ - II, 2025 – 2026

# സാമൂഹ്യശാസ്ത്രം

ക്ലാസ് : IX

സമയം : 2 1/2 മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുമാത്രം ഉത്തരമെഴുതിയാൽ മതി.
- 28-ാം നമ്പർ ചോദ്യത്തിന് ഉത്തരം നൽകാൻ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഇന്ത്യയുടെ ഭൂപടരൂപരേഖ (പേജ് 7) ഉപയോഗപ്പെടുത്തേണ്ടതാണ്.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം. (8 x1 = 8)**

1. ഗുപ്തഭരണകാലഘട്ടത്തിലെ ഷഡ്ദർശനങ്ങളിലൊന്നായ സാംഖ്യദർശനത്തിന്റെ വക്താവ് ആര്?
   A) പതഞ്ജലി B) കണാദൻ C) കപിലൻ D) ഗൗതമൻ

2. പശ്ചിമഘട്ടത്തിന്റെ സവിശേഷതകളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള പ്രസ്താവനകളിൽ നിന്ന് ശരിയായത് തിരഞ്ഞെടുക്കുക.
   i. തെക്ക് കന്യാകുമാരി മുതൽ വടക്ക് ഗുജറാത്ത് വരെ വ്യാപിച്ചിരിക്കുന്നു.
   ii. ഒഡിഷയിലെ മഹാനദീതടം മുതൽ തമിഴ്നാട്ടിലെ നീലഗിരിനിരകൾ വരെ വ്യാപിച്ചിരിക്കുന്നു
   iii. ഉപദ്വീപീയ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി ഈ പർവതനിരയിലാണ്.
   iv. ജാവഡിക്കുന്നുകൾ ഈ പർവതനിരയിലാണ്.
   A) i, ii B) i, iv C) i, iii D) ii, iii

3. ഇന്ത്യയിലെ തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെടാത്ത പ്രസ്താവന കണ്ടെത്തുക.
   A) ഭരണഘടനയുടെ അനുച്ഛേദം 324 പ്രകാരം നിലവിൽ വന്നു.
   B) അഞ്ച് വർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.
   C) രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുകയും ചിഹ്നം അനുവദിക്കുകയും ചെയ്യുന്നു.
   D) കേന്ദ്രഭരണ പ്രദേശങ്ങളിലും, സംസ്ഥാനങ്ങളിലും തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത് ചീഫ് ഇലക്ടൽ ഓഫീസർമാരാണ്.

4. ചുവടെ നൽകിയിരിക്കുന്നവയിൽ മനുഷ്യമൂലധനരൂപീകരണത്തിന് വെല്ലുവിളിയായ ഘടകമേത്?
   A) വിദ്യാഭ്യാസം B) ആരോഗ്യം C) തൊഴിൽ പരിശീലനം D) തൊഴിലില്ലായ്മ

5. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തുക.

| A | B |
|---|---|
| a. ബൃഹത്സംഹിത | i. ഭർതൃഹരി |
| b. അമരകോശം | ii. വരാഹമിഹിരൻ |
| c. കുമാരസംഭവം | iii. അമരസിംഹൻ |
| d. ത്രികാണ്ഡി | iv. കാളിദാസൻ |
| | v. ആര്യഭടൻ |

   A) a-ii, b-v, c-iii, d-iv B) a-iv, b-i, c-ii, d-v
   C) a-ii, b-iii, c-iv, d-i D) a-iii, b-ii, c-iv, d-i

6. പ്രസ്താവന (A) : കാറ്റിന്റെ നിക്ഷേപണപ്രക്രിയയിലൂടെ മരുഭൂമികളിൽ മണൽമേടുകൾ രൂപപ്പെടുന്നു.

കാരണം (R) : മരുഭൂമികളിലെ ശിലകളിൽ അപഘർഷണ തീവ്രത ഒരു നിശ്ചിത ഉയരം വരെ കൂടുതലായതിനാൽ തീവ്രത കൂടിയ ഭാഗങ്ങളിൽ കൂടുതൽ തേയ്മാനം സംഭവിക്കുന്നു.

A) (A) യും (R) ഉം ശരിയാണ്. (A) യുടെ ശരിയായ വിശദീകരണമാണ് (R).

B) (A) യും (R) ഉം ശരിയാണ്. (A) യുടെ ശരിയായ വിശദീകരണമല്ല (R).

C) (A) യും (R) ഉം തെറ്റാണ്.

D) (A) തെറ്റും (R) ശരിയുമാണ്.

7. ജനസാന്ദ്രതയുമായി ബന്ധപ്പെട്ടത് തിരഞ്ഞെടുത്തെഴുതുക.

A) ഒരു പ്രദേശത്തെ ആകെ ജനസംഖ്യ

B) ഒരു പ്രദേശത്തെ പുരുഷന്മാരുടെ എണ്ണം

C) ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്തുള്ള ശരാശരി ജനസംഖ്യ

D) ഒരു പ്രദേശത്തെ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അനുപാതം.

8. പ്രസ്താവന I : രണ്ട് നീർത്തടങ്ങളെ തമ്മിൽ വേർതിരിക്കുന്ന അതിർത്തിരേഖയാണ് ജലവിഭാജകം

പ്രസ്താവന II : ഉപദ്വീപീയ ഇന്ത്യയിലെ പ്രധാന ജലവിഭാജകമാണ് പൂർവഘട്ടം


പ്രസ്താവനകൾ വിശകലനം ചെയ്ത് ചുവടെ നൽകിയിട്ടുള്ളവയിൽ നിന്നും ശരിയായത് തിരഞ്ഞെടുത്തെഴുതുക.

A) I മാത്രം ശരിയാണ്  B) II മാത്രം ശരിയാണ്

C) I ഉം II ഉം ശരിയാണ്  D) I ഉം II ഉം ശരിയല്ല


**9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 2 സ്കോർ വീതം (7x 2 = 14)**

9. (A) ഭൂമിദാനവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




**അല്ലെങ്കിൽ**

(B) ഗുപ്തകാലഘട്ടത്തിലെ സാമൂഹികജീവിതവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.



10 മനുഷ്യമൂലധനരൂപീകരണത്തിന് ദാരിദ്ര്യനിർമ്മാർജനം അത്യന്താപേക്ഷിതമാണ്. സമർഥിക്കുക.

11 ഇന്ത്യൻ പാർലമെന്റിന്റെ ഉപരിസഭയായ രാജ്യസഭയുടെ സവിശേഷതകൾ എഴുതുക.

12. ഡക്കാൻട്രാപ്പിന്റെ പ്രത്യേകതകൾ എന്തെല്ലാം?

13. നൽകിയിട്ടുള്ള പത്രവാർത്ത തലക്കെട്ട് നിരീക്ഷിച്ച് അത് ഏത് ഇന്ത്യൻ ഭരണഘടനാ ഭേദഗതി രീതിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തി അതിന്റെ സവിശേഷതകൾ എഴുതുക.

| |
|---|
| 86-ാം ഭരണഘടനാ ഭേദഗതി വിദ്യാഭ്യാസത്തെ മൗലികാവകാശമാക്കി. |

14. 2005- ലെ ഗാർഹികപീഡന നിരോധനനിയമം സ്ത്രീകൾക്ക് തുല്യനീതിയും അവസരവും ഉറപ്പാക്കുന്നു. പ്രസ്താവന സമർഥിക്കുക.

15 അതിഥിതൊഴിലാളികൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽതേടി കേരളത്തിലേക്ക് എത്തുന്നു. ഇത് ഏത് തരം കുടിയേറ്റമാണ്? വിശദമാക്കുക.

**16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിലധികമോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 3 സ്കോർ വീതം.** (8 x 3 = 24)

16. അശോകധമ്മയിലെ പ്രധാന ആശയങ്ങൾ എഴുതുക.

17. ഉത്തരേന്ത്യൻ സമതലങ്ങളിലാണ് കൂടുതൽ കരിമ്പ് കൃഷി ഉള്ളതെങ്കിലും ഈ കൃഷിക്ക് ഏറ്റവും അനുകൂലമായ കാലാവസ്ഥ ഡക്കാൻ പ്രദേശത്താണ് ഉള്ളത്. പ്രസ്താവന വിശകലനം ചെയ്യുക.

18. അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ക്ഷേമത്തിനായി രൂപീകരിച്ച നിയമമേത്? ഈ നിയമം അസംഘടിതമേഖലയിലെ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ വഹിക്കുന്ന പങ്ക് വിലയിരുത്തുക.

19. ഗുപ്തകാലഘട്ടത്തിലെ ഭൂമിദാനം കൃഷിയുടെ വ്യാപനത്തിന് സഹായമായതെങ്ങനെ?

20. ദേശീയവരുമാനം കണക്കാക്കുന്നതിന്റെ പ്രാധാന്യം വിശദമാക്കുക.

21. ഒരു രാജ്യത്ത് ജനസംഖ്യ വർധിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ വ്യക്തമാക്കുക.

22. ഭാബർ മേഖലയുടെ സവിശേഷതകൾ എഴുതുക.

23. പട്ടിക പൂർത്തിയാക്കുക.

| വിവിധതരം തൊഴിലില്ലായ്മ | സവിശേഷത |
|---|---|
| പ്രകടമായ തൊഴിലില്ലായ്മ | (A)........................................ |
| (B) ........................................ .. | നൂതനസാങ്കേതികവിദ്യയുടെ പ്രയോഗംമൂലം തൊഴിൽ നഷ്ടമാകുന്ന അവസ്ഥ |
| പ്രച്ഛന്നതൊഴിലില്ലായ്മ | (C) ........................................ |

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതണം. 4 സ്കോർ വീതം. (6 x 4 = 24)**

24. നവീനശിലായുഗത്തിൽ മൃഗങ്ങളെ ഇണക്കി വളർത്താനും കൃഷി ആരംഭിക്കുവാനും മനുഷ്യരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?


25. ഉയരം, ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങിയ ഘടകങ്ങളിലെ വ്യത്യാസം ഹിമാലയൻ നിരകളിലെ സസ്യജാലങ്ങളിൽ പ്രാദേശിക വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു. സമർഥിക്കുക.

26. (A) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉയർന്ന ആയുർദൈർഘ്യം നിലനിൽക്കുന്നു. പ്രസ്താവന വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(B) ജനസംഖ്യാലാഭവിഹിതം എന്നാലെന്ത്? ഇതിന്റെ നേട്ടങ്ങൾ എന്തെല്ലാം?

27. (A) ഗ്രാഫ് നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.





i 1982-83 കാലയളവിൽ സേവനമേഖലയുടെ ജി.വി.എ. വിഹിതം എത്ര ശതമാനമായിരുന്നു?

ii 2022-23 കാലയളവിൽ വിവിധ മേഖലകളിലെ മൊത്തവർധിതമൂല്യ (ജി.വി.എ) വിഹിതം താരതമ്യം ചെയ്യുക.

അല്ലെങ്കിൽ

(B) ഗ്രാഫ് നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




i. 2020-21 കാലയളവിൽ കാർഷിക മേഖലയുടെ (ജി.എസ്.വി.എ) സംഭാവന എത്ര ശതമാനമായിരുന്നു?

ii. 2022-23 കാലയളവിൽ വിവിധ മേഖലകളുടെ സംസ്ഥാനത്തിന്റെ മൊത്തവർധിതമൂല്യ (ജി.എസ്.വി.എ) വിഹിതം താരതമ്യം ചെയ്യുക.

28. ചുവടെ നൽകിയിട്ടുള്ള ഭൂവിവരങ്ങൾ കണ്ടെത്തി അവ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

A. മുൾതായിയിൽ നിന്നും ഉദ്ഭവിച്ച് മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽകൂടി ഒഴുകുന്ന നദി.

B. ഥാർ മരുഭൂമിക്ക് കിഴക്കായി സ്ഥിതിചെയ്യുന്ന ദീർഘകാല അപരദന വിധേയമായ അവശിഷ്ട പർവതം.

C. ഹൈദ്രാബാദ് നഗരം.

D. മധ്യഉന്നതതടത്തിന്റെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പീഠഭൂമി.

29. (A) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചുമതലകൾ വിവരിക്കുക

**അല്ലെങ്കിൽ**

(B) ദേശീയ വനിതാദിനാചരണത്തോട് അനുബന്ധിച്ച് ദേശീയവനിതാകമ്മീഷന്റെ ചുമതലകളുമായി ബന്ധപ്പെട്ട ഒരു സെമിനാർ അവതരണത്തിൽ ഉൾപ്പെടുത്താവുന്ന ആശയങ്ങൾ എഴുതുക.

**30, 31 ചോദ്യങ്ങൾക്ക് വിശദീകരിച്ച് ഉത്തരമെഴുതണം. 5 സ്കോർ വീതം. (2 x 5 = 10)**

30. (A) ദക്ഷിണേന്ത്യയിലെ സാമൂഹിക, സാംസ്കാരിക ജീവിതത്തിൽ ഭൂമിദാനം വരുത്തിയ മാറ്റങ്ങൾ വിലയിരുത്തുക.


**അല്ലെങ്കിൽ**

(B) ദ്രാവിഡ വാസ്തുശില്പകലയുടെ സവിശേഷതകൾ ഉദാഹരണ സഹിതം വ്യക്തമാക്കുക.

31. (A) ഭൂമിശാസ്ത്രപരമായി ഥാർ മരുഭൂമിയെ രണ്ട് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. അവ ഏതെല്ലാം? വിശദമാക്കുക.

**അല്ലെങ്കിൽ**

(B) ഥാർ മരുഭൂമിയുടെ രൂപീകരണത്തിൽ അവിടുത്തെ കാലാവസ്ഥയുടെ പങ്ക് വിശദമാക്കുക.


N
W
E
S
LEGEND
India State Boundary
MAP NOT TO SCALE